| 06–01–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ക്രോധം വളരെയധികം ദു:ഖം നൽകുന്നതാണ്, ഇത് സ്വയത്തേയും ദു:ഖിപ്പിക്കുന്നു, മറ്റുള്ളവർക്കും ദു:ഖം കൊടുക്കുന്നു, അതിനാൽ ശ്രീമതം പാലിച്ച് ഈ ഭൂതങ്ങൾക്കുമേൽ വിജയം പ്രാപ്തമാക്കൂ.**

**ചോദ്യം** – എങ്ങനെയുള്ള കുട്ടികൾക്കാണ് കല്പ–കല്പം കറ പുരളുന്നത്, അവരുടെ ഗതി എന്തായിരിക്കും?

**ഉത്തരം** – ആരാണോ ശ്രീമതം പാലിക്കാതെ സ്വയത്തെ വളരെ സമർത്ഥശാലി എന്ന് മനസ്സിലാക്കുന്നത്. ഉള്ളിൽ ഗുപ്തമോ പ്രത്യക്ഷമോ ആയ രീതിയിലുള്ള വികാരങ്ങളെ എടുത്തു കളയാത്തത്, മായ വലയമിട്ടുകൊണ്ടിരിക്കുന്നവർ. ഇങ്ങനെയുള്ള കുട്ടികൾക്ക് കല്പ–കല്പം കറ പുരളുന്നു. അവർക്ക് പിന്നീട് അന്തിമത്തിൽ പശ്ചാത്തപിക്കേണ്ടതായി വരുന്നു. അവർ സ്വയത്തിന് നഷ്ടം വരുത്തി വെക്കുന്നു.

**ഗീതം** – ഇന്നത്തെ മനുഷ്യർ അന്ധകാരത്തിലാണ്.......

**ഓംശാന്തി**. കുട്ടികൾക്കറിയാം പരിധിയില്ലാത്ത അച്ഛൻ, ആരെയാണോ ഹെവൻലി ഗോഡ്ഫാദർ എന്നു പറയുന്നത്, അവർ എല്ലാവരുടെയും അച്ഛനാണ്. ആ അച്ഛൻ നമുക്ക് സന്മുഖത്തിരുന്ന് മനസ്സിലാക്കിത്തരുന്നു. ബാബ എല്ലാ കുട്ടികളെയും ഈ കണ്ണിലൂടെയാണ് കാണുന്നത്. കുട്ടികളെ കാണുന്നതിനായി ബാബയ്ക്ക് ദിവ്യദൃഷ്ടിയുടെ ആവശ്യമില്ല. പരംധാമത്തിൽ നിന്നാണ് ബാബ കുട്ടികളുടെ പക്കലേക്ക് വന്നിരിക്കുന്നത്. കുട്ടികളും ദേഹധാരിയായി ഇവിടേക്ക് പാർട്ട് അഭിനയിക്കാനായി വന്നിരിക്കുന്നു. കുട്ടികൾക്ക് സന്മുഖത്തിരുന്ന് മനസ്സിലാക്കിത്തരുന്നു. സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന പരിധിയില്ലാത്ത അച്ഛൻ, വീണ്ടും വന്ന് നമ്മെ ഭക്തി മാർഗ്ഗത്തിലുള്ള കഷ്ടതകളിൽ നിന്നും മുക്തമാക്കി, നമ്മുടെ ആത്മജ്യോതി തെളിയിക്കാനായി വന്നിരിക്കുകയാണ്. എല്ലാ സെന്ററുകളിലുള്ള കുട്ടികളും മനസ്സിലാക്കുന്നു, നമ്മൾ ഈശ്വരീയ കുലം അഥവാ ബ്രാഹ്മണകുലത്തിലേതാണ്. പരമപിതാവായ പരമാത്മാവിനെയാണ് സൃഷ്ടിയുടെ രചയിതാവെന്നു പറയുന്നത്. സൃഷ്ടി എങ്ങനെ രചിക്കുന്നു എന്നുള്ളതിനെക്കുറിച്ചാണ് ബാബ വന്ന് മനസ്സിലാക്കിത്തരുന്നത്. മാതാ–പിതാവുകൂടാതെ മനുഷ്യ സൃഷ്ടി ഒരിക്കലും രചിക്കാൻ സാധിക്കില്ല. പിതാവിലൂടെ മാത്രം സൃഷ്ടി രചിക്കുന്നില്ല. മാതാ–പിതാവെന്ന മഹിമയുണ്ടല്ലോ. മാതാ–പിതാവ് ഈ സൃഷ്ടി രചിച്ച് എല്ലാവരെയും യോഗ്യരാക്കി മാറ്റുന്നു. ഇത് വളരെ വലിയൊരു വിശേഷതയാണ്. അല്ലാതെ മുകളിൽ നിന്നും ദേവതകൾ വന്ന് ധർമ്മം സ്ഥാപിക്കുകയല്ല ചെയ്യുന്നത്. ക്രിസ്തു ക്രൈസ്തവ ധർമ്മത്തെ സ്ഥാപിക്കുന്ന പോലെയല്ല ദേവതാ ധർമ്മത്തിന്റെ സ്ഥാപന നടക്കുന്നത്. ക്രിസ്തുവിനെ ക്രിസ്ത്യാനികൾ പിതാവ് എന്നാണ് പറയുന്നത്. അഥവാ അച്ഛനുണ്ടെങ്കിൽ അമ്മയും തീർച്ചയായും ആവശ്യമാണ്. അവർ 'മേരി'യെ അമ്മയെന്നു പറഞ്ഞു. എന്നാൽ മേരി ആരായിരുന്നു? ക്രിസ്തു അവരിലൂടെയാണോ കുട്ടികൾക്ക് ജന്മം നൽകിയത്? അതോ സ്വയം ക്രിസ്തു തന്നെയാണോ മാതാവും പിതാവും. പുതിയ ആത്മാവായ ക്രിസ്തു വന്ന് ശരീരത്തിലേക്ക് പ്രവേശിച്ച്, ആരുടെ ശരീരത്തിലേക്കാണോ പ്രവേശിച്ചത് അവരുടെ വായിലൂടെ പ്രജകളെ രചിച്ചു. അവരെല്ലാവരും ക്രിസ്ത്യാനികളായി. മുകളിൽ നിന്നും വരുന്ന പുതിയ ആത്മാക്കൾ ദു:ഖം അനുഭവിക്കുന്ന വിധത്തിലുള്ള കർമ്മങ്ങൾ ചെയ്തിട്ടുണ്ടാകില്ല. പവിത്രമായ ആത്മാക്കളാണ് വരുന്നത്. പരമപിതാവായ പരമാത്മാവിന് ഒരിക്കലും ദു:ഖം അനുഭവിക്കാൻ സാധിക്കില്ലല്ലോ. ദു:ഖം അഥവാ ആക്ഷേപം സഹിക്കേണ്ടത് ഈ സാകാര മാധ്യമത്തിനാണ്. അതിനാൽ തീർച്ചയായും ക്രിസ്തുവിനെ എപ്പോഴാണോ കുരിശിലേറ്റിയത്, അപ്പോൾ തീർച്ചയായും ആരുടെ ശരീരത്തിലേക്കാണോ ക്രിസ്തുവിന്റെ ആത്മാവ് പ്രവേശിച്ചത്, അവർ തന്നെയായിരിക്കും ദു:ഖം അനുഭവിച്ചിട്ടുണ്ടാകുക. ക്രിസ്തുവിന്റെ പുതിയ ആത്മാവ് ഒരിക്കലും ദു:ഖം സഹിച്ചിട്ടുണ്ടാകില്ല. അപ്പോൾ ക്രിസ്തുവിനെ അച്ഛനെന്നു പറയാം, അമ്മയെ എവിടുന്നു കൊണ്ടു വരും? അപ്പോൾ മേരിയെ അവർ അമ്മയാക്കി. മേരി കുമാരിയായിരുന്നു എന്ന് കാണിക്കുന്നുണ്ട്, അവരിലൂടെയാണ് ക്രിസ്തു ജനിച്ചതെന്നും പറയപ്പെടുന്നു. ഒരു കുമാരി കുട്ടിയ്ക്കു ജന്മം നൽകുക എന്നത് തീർത്തും നിയമ വിരുദ്ധമാണ്. ഇതെല്ലാം തന്നെ ശാസ്ത്രങ്ങളിൽ നിന്നും എടുത്തതാണ്. പുരാണത്തിൽ കാണിക്കുന്നുണ്ട്, കന്യകയായിരുന്ന കുന്തിയിൽ നിന്നുമാണ് കർണ്ണൻ ജന്മമെടുത്തത്. ഇതെല്ലാം തന്നെ ദിവ്യദൃഷ്ടിയുടെ കാര്യമാണ്. അവർ പിന്നീട് അതിനെ കോപ്പി ചെയ്തു. ഇവിടെ ബ്രഹ്മാവാണ് അമ്മ. ശിവബാബ ബ്രഹ്മാ മുഖത്തിലൂടെ കുട്ടികൾക്ക് ജന്മം നൽകിയതിനുശേഷം, സംരക്ഷിക്കാനായി മമ്മയെ ഏൽപ്പിച്ചു. അതുപോലെത്തന്നെയാണ് ക്രിസ്തുവിന്റെ കാര്യത്തിലും. ക്രിസ്തുവും മറ്റൊരു ശരീരത്തിലേക്ക് പ്രവേശിച്ച് ധർമ്മം സ്ഥാപിച്ചു, അപ്പോൾ ക്രിസ്തുവിന്റെ മുഖവംശാവലിയായില്ലേ. സഹോദരി–സഹോദരന്മാരായി. ക്രിസ്ത്യാനികളുടെ പ്രജാപിതാവ് ക്രൈസ്റ്റാ

യി. ആരിലാണോ പ്രവേശിച്ച് മുഖവംശാവലി രചിച്ചത്, അവർ മാതാവാണ്. പിന്നീട് അവരെ സംരക്ഷിക്കാനായി മേരിയെ ഏൽപ്പിച്ചു. എന്നാൽ അവർ മേരിയെ അമ്മയെന്നു മനസ്സിലാക്കി. ബാബ പറയുന്നു, ഇവിടെയാണെങ്കിൽ ഞാൻ ബ്രഹ്മാവിൽ പ്രവേശിച്ച് മുഖ സന്താനങ്ങൾക്ക് ജന്മം നൽകി. അതിൽ മമ്മയും മുഖ സന്താനമാണ്. ഇതെല്ലാം തന്നെ വളരെ വിശദമായി മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്.

രണ്ടാമത്തെ കാര്യം ബാബ മനസ്സിലാക്കിത്തരുന്നു – ഇന്ന് ആബുവിലേക്ക് ഒരു പാർട്ടി വരുന്നുണ്ട്, അവർ സസ്യാഹാരത്തിന്റെ പ്രചരണം ചെയ്യുന്നവരാണ്. അവർക്ക് നിങ്ങൾ മനസ്സിലാക്കി കൊടുക്കണം, പരിധിയില്ലാത്ത അച്ഛൻ ദേവതാധർമ്മം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്, ദേവതാധർമ്മത്തിലുള്ളവർ പക്കാ സസ്യാഹാരികളായിരുന്നു. മറ്റൊരു ധർമ്മത്തിലുള്ളവരും ഇങ്ങനെ സസ്യാഹാരികളാകുന്നില്ല. വൈഷ്ണവരാകുന്നതിൽ എത്ര പ്രയോജനമാണെന്ന് അവർ കേൾപ്പിക്കുന്നുണ്ടാകും. എന്നാൽ എല്ലാവർക്കുമൊന്നും ആകുവാൻ സാധിക്കില്ല, കാരണം പലരും വീഴ്ച പറ്റിയവരാണ്. അതായത് അവർക്ക് മാംസാഹാരം ഉപേക്ഷിക്കാൻ വളരെയധികം ബുദ്ധിമുട്ടാണ്, പലർക്കും അതു ശീലമായിക്കഴിഞ്ഞു. എന്നാൽ അവർക്ക് നിങ്ങൾ മനസ്സിലാക്കി കൊടുക്കണം, പരിധിയില്ലാത്ത പിതാവ് സ്ഥാപിക്കുന്ന സ്വർഗ്ഗത്തിൽ എല്ലാവരും വൈഷ്ണവരായിരുന്നു, വിഷ്ണുവംശാവലികളാണ്. ദേവതകൾ തീർത്തും നിർവ്വികാരികളായിരുന്നു. ഇന്നത്തെ സസ്യാഹാരികൾ മുഴുവൻ, വികാരികളാണ്. ക്രിസ്തുവിനു 3000 വർഷങ്ങൾക്കു മുമ്പ് ഭാരതം സ്വാർഗ്ഗമായിരുന്നു. ആ രീതിയിലൊക്കെ മനസ്സിലാക്കി കൊടുക്കണം. നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും തന്നെ സ്വർഗ്ഗം എന്താണെന്നുള്ളത് അറിയില്ല. എപ്പോൾ സ്ഥാപിക്കപ്പെട്ടു? അവിടെ ആരാണ് രാജ്യം ഭരിച്ചത്? ലക്ഷ്മി–നാരായണന്റെ ക്ഷേത്രത്തിലേക്ക് ബ്രഹ്മാബാബയും പണ്ട് പോകുമായിരുന്നു, എന്നാൽ സ്വർഗ്ഗത്തിൽ ഇവരുടെ രാജധാനിയാണെന്നൊന്നും ബാബയ്ക്ക് അറിയുമായിരുന്നില്ല. കേവലം മഹിമ പാടുന്നുണ്ട്, എന്നാൽ ആരാണ് അവർക്ക് രാജ്യം നൽകിയതെന്നറിയില്ല. ഇപ്പോഴും ധാരാളം ക്ഷേത്രങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്, കാരണം ലക്ഷ്മിയാണ് ധനം നൽകുന്നതെന്ന് മനസ്സിലാക്കുന്നു. അതുകൊണ്ടാണ് ദീപാവലിയിൽ വ്യാപാരികൾ ലക്ഷ്മിയുടെ പൂജ ചെയ്യുന്നത്. ഈ ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നവർക്കും മനസ്സിലാക്കി കൊടുക്കണം. വിദേശികൾ വരുന്നവർക്ക് ഭാരതത്തിന്റെ മഹിമ കേൾപ്പിച്ചുകൊടുക്കുമല്ലോ. ക്രിസ്തു വരുന്നതിനു 3000 വർഷങ്ങൾക്കു മുമ്പ് ഭാരതം സസ്യാഹാരികളുടെ നാടായിരുന്നു, അതുപോലെ പിന്നീടൊരിക്കൽ പോലും ഉണ്ടായിട്ടുമില്ല. അവരിൽ വളരെയധികം ശക്തിയുണ്ടായിരുന്നു. ദേവി–ദേവതകളുടെ രാജ്യമെന്നാണ് പറയപ്പെട്ടിരുന്നത്. ഇപ്പോൾ അതേ രാജ്യം വീണ്ടും സ്ഥാപിക്കുകയാണ്. ഇപ്പോൾ അതിന്റെ സമയമാണ്. ശങ്കരനിലൂടെ വിനാശമെന്നും മഹിമയുണ്ട്, പിന്നീട് വിഷ്ണുവന്റെ രാജ്യമുണ്ടാകും. ബാബയിലൂടെ സ്വർഗ്ഗീയ സമ്പത്ത് നേടണമെങ്കിൽ നേടാൻ സാധിക്കും. രമേശ് ഭായിക്കും ഉഷാ ബഹനും സേവനത്തോട് വളരെയധികം താൽപര്യമുണ്ട്. ഇവർ വളരെ അത്ഭുതമായ ജോഡിയാണ്, വളരെ നല്ല സേവാധാരികളാണ്. നോക്കൂ, പുതിയവർ വരുമ്പോൾ പഴയവരെക്കാളും മുന്നോട്ടു പോകുന്നുണ്ട്. ബാബ യുക്തികൾ ധാരാളം പറഞ്ഞു തരുന്നുണ്ട്. എന്നാൽ ഏതെങ്കിലും വികാരത്തിന്റെ ലഹരിയുണ്ടെങ്കിൽ മായ കുതിച്ചുയരാൻ സമ്മതിക്കില്ല. ചിലരിൽ കാമത്തിന്റെ ചെറിയ അംശമുണ്ട്, വളരെ പേരിലും ക്രോധമുണ്ട്. ആരും തന്നെ പരിപൂർണ്ണമായിട്ടില്ല. ആയിക്കൊണ്ടിരിക്കുന്നതേയുള്ളൂ. മായയും ഉള്ളിൽ കാർന്നുകൊണ്ടിരിക്കും. എപ്പോൾ മുതൽക്ക് രാവണ രാജ്യം ആരംഭിച്ചുവോ അപ്പോൾ മുതൽ മായയാകുന്ന എലികൾ കാർന്നു തിന്നാനും ആരംഭിച്ചു. ഇപ്പോൾ ഭാരതം തീർത്തും കളങ്കിതമായി. മായ എല്ലാവരെയും കല്ലു ബുദ്ധിയാക്കി മാറ്റി. നല്ല–നല്ല കുട്ടികളെ പോലും മായ വലയം ചെയ്തിരിക്കുകയാണ്, നമ്മുടെ ചുവട് പിറകിലേക്ക് പോകുന്നു എന്നുള്ളത് പോലും അവർ അറിയുന്നില്ല. പിന്നീട് ബാബ സഞ്ജീവനി മരുന്ന് നൽകി അവരെ ഉണർത്തുന്നു. ക്രോധവും ദു:ഖം നൽകുന്നു. അവനവനെയും ദു:ഖിപ്പിക്കുന്നു, മറ്റുള്ളവർക്കും ദു:ഖം നൽകുന്നു. ചിലരിൽ ക്രോധം ഗുപ്ത രൂപത്തിലാണ്, ചിലരിൽ പ്രത്യക്ഷ രൂപത്തിലും. എത്ര തന്നെ മനസ്സിലാക്കി കൊടുത്താൽ പോലും മനസ്സിലാകുന്നില്ല. അവനവനെ വളരെ സമർത്ഥശാലിയെന്നു മനസ്സിലാക്കുന്നു. ഇവർക്ക് അവസാനം എന്തായാലും പശ്ചാത്തപിക്കേണ്ടതായി വരുന്നു. പിന്നീടത് കല്പ–കല്പത്തിലെ കറയായിത്തീരുന്നു. ശ്രീമത പ്രകാരം നടന്നാൽ ധാരാളം പ്രാപ്തിയാണ്. ഇല്ലെങ്കിൽ ഒരുപാട് നഷ്ടങ്ങളുണ്ടാകുന്നു. ബ്രഹ്മാവിന്റെയും ശിവബാബയുടെയും മതം പ്രശസ്തമാണ്. ശ്രീമതവും ബ്രഹ്മാവിന്റെ മതവും. ബ്രഹ്മാവ് തന്നെ ഇറങ്ങി വന്നാലും അംഗീകരിക്കില്ല എന്ന് പറയില്ലേ, കൃഷ്ണന്റെ പേരല്ല പറയുന്നത്. ഇപ്പോൾ സ്വയം പരമപിതാവായ പരമാത്മാവാണ് മതം നൽകുന്നത്. ബ്രഹ്മാവിനു പോലും ബാബയിൽ നിന്നുള്ള മതമാണ് ലഭിക്കുന്നത്. ബാബയ്ക്ക് തന്റെ കുട്ടികളോട് വളരെ സ്നേഹമാണുള്ളത്. കുട്ടികളെ ശിരസ്സിലെ കിരീടമായാണ് വെക്കുന്നത്. അച്ഛന്റെ ലക്ഷ്യമിതാണ്, കുട്ടികൾ ഉയരുകയാണെങ്കിൽ കുലത്തിന്റെ പേര് തന്നെ പ്രശസ്തമാകുന്നു. എന്നാൽ കുട്ടികൾ അച്ഛന്റെയും അംഗീകരിക്കുന്നില്ല, ദാദയുടെയും അംഗീകരിക്കുന്നില്ലെങ്കിൽ, വലിയമ്മയെയും അനുസരിക്കുന്നില്ലെന്നാണ്. അവരുടെ അവസ്ഥ എന്തായിത്തീരുമെന്ന് പറയാതിരിക്കുകയാണ് നല്ലത്. ബാക്കി സേവാധാരികളായ കുട്ടികൾക്ക് ബാബയുടെ ഹൃദയത്തിലാണ് സ്ഥാനം. അവരുടെ മഹിമ സ്വയം ബാബ തന്നെ

പറയാറുണ്ട്. അപ്പോൾ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം, ഇതേ ഭാരതത്തിലാണ് വിഷ്ണു കുല ത്തിലെ രാജ്യമുണ്ടായിരുന്നത്, ആ രാജ്യം വീണ്ടും ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഇതേ ഭാര തത്തെ തന്നെയാണ് ബാബ വിഷ്ണുപുരിയാക്കി മാറ്റുന്നത്.

നിങ്ങൾക്ക് വളരെയധികം ലഹരിയുണ്ടായിരിക്കണം. മറ്റുള്ളവർ വെറുതെ അവരുടെ പേര് പ്രശസ്ഥ മാക്കാനായി പരിശ്രമിക്കുന്നു. ഗവൺമെന്റിൽ നിന്നും ചിലവ് ലഭിക്കുന്നുണ്ട്. സന്യാസിമാർക്ക് ധാരാളം പണം ലഭിക്കുന്നുണ്ട്. ഇപ്പോഴും ഭാരതത്തിലുള്ള പ്രാചീന രാജയോഗം പഠിപ്പിക്കാൻ പോകുന്നു എന്ന് കേട്ടാൽ, ആരും പെട്ടെന്ന് പൈസ കൊടുക്കുന്നു. എന്നാൽ ബാബയ്ക്ക് ആരുടെയും പൈസയുടെ ആവ ശ്യമില്ല. ബാബ മുഴുവൻ വിശ്വത്തിനും സഹായം നൽകുന്ന നിഷ്കളങ്കനായ നാഥനാണ്, കുട്ടികളുടെ സഹായവും ബാബയ്ക്ക് ലഭിക്കുന്നുണ്ട്. ധൈര്യശാലി കുട്ടികൾക്കേ ബാബ സഹയോഗം നൽകൂ. പുറമെ നിന്നും ആരെങ്കിലുമൊക്കെ വരികയാണെങ്കിൽ, അവർ ആശ്രമത്തിന് എന്തെങ്കിലുമൊക്കെ നൽകണമെന്നു വിചാരിക്കുന്നു. എന്നാൽ നിങ്ങൾ അവരോട് ചോദിക്കണം, എന്തിനാണ് നൽകുന്നത്? അവർ ജ്ഞാന മൊന്നും തന്നെ കേട്ടിട്ടില്ലല്ലോ. ജ്ഞാനത്തെക്കുറിച്ച് ഒന്നും അറിയില്ല. നമ്മൾ ഇവിടെ വിത്ത് വിതയ്ക്കു ന്നത് സ്വർഗ്ഗത്തിൽ അതിന്റെ ഫലം ലഭിക്കാനാണ്, എന്നാൽ ജ്ഞാനം കേട്ടാലല്ലേ ഇതിനെക്കുറിച്ചെല്ലാം തന്നെ അറിയൂ. ഇങ്ങനെ വെറുതെ വരുന്നവർ കോടിക്കണക്കിനു ആളുകളുണ്ട്. ബാബ ഗുപ്ത രൂപത്തിൽ വരുന്നത് വളരെ നല്ലതാണ്. കൃഷ്ണന്റെ രൂപത്തിലാണെങ്കിൽ മണൽ തരിയ്ക്കു സമാനം എല്ലാവരും ഒരു മിച്ചു കൂടും, ആർക്കും പിന്നെ വീട്ടിലിരിക്കുവാൻ സാധിക്കില്ല. നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ്, ഇതൊരിക്കലും മറക്കരുത്. കുട്ടികൾ പൂർണ്ണ സമ്പത്തെടുക്കണം എന്നാണ് അച്ഛന്റെ ഹൃദയത്തിലുണ്ടാ കുക. ധാരാളം പേർ സ്വർഗ്ഗത്തിലേക്ക് വരുന്നുണ്ട്, എന്നാൽ ധൈര്യത്തോടെ ഉയർന്ന പദവി നേടാൻ കോടിയിലും ചിലർക്കേ സാധിക്കൂ. ശരി.

വളരെക്കാലത്തിന് ശേഷം തിരികെകിട്ടിയ മാതാപിതാവായ ബാപ്ദാദയുടെ മധുരമധുരമായ കുട്ടികൾക്ക്, സ്നേഹസ്മരണയും പുലർക്കാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## രാത്രി ക്ലാസ്സ് – 15–06–68

കഴിഞ്ഞു പോയതിനെക്കുറിച്ച് ആവർത്തിക്കുന്നതിലൂടെ ദുർബല ഹൃദയമുള്ളവരുടെ ഹൃദയത്തിലെ ദുർബലതയും ആവർത്തിക്കപ്പെടുന്നു. അതിനാലാണ് കുട്ടികളെ ഡ്രാമയുടെ വീഥിയിലൂടെ നടത്തുന്നത്. ഓർമ്മയിലൂടെ മാത്രമാണ്, മുഖ്യമായ പ്രാപ്തിയുള്ളത്. ഓർമ്മയിലൂടെ മാത്രമേ ആയുസ്സ് വർദ്ധിക്കൂ. ഡ്രാമ യെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കുകയാണെങ്കിൽ ഒരിക്കലും ഒന്നിനെക്കുറിച്ചുമുള്ള ചിന്തയുമുണ്ടാകില്ല. ഈ സമയത്ത് ഡ്രാമയിൽ ജ്ഞാനം പഠിക്കാനും പഠിപ്പിക്കാനുമുള്ള പാർട്ടാണ്. പിന്നീട് ഈ പാർട്ടും അവ സാനിക്കുന്നു. ബാബയുടെ പാർട്ടും അവസാനിക്കുന്നു, നമ്മുടെ പാർട്ടും അവസാനിക്കുന്നു. ബാബയുടെ ജ്ഞാനം നൽകുന്ന പാർട്ടുമുണ്ടാകില്ല, നമ്മുടെ ജ്ഞാനമെടുക്കുന്ന പാർട്ടുമുണ്ടാകില്ല. രണ്ടു കൂട്ടരും സമാ നമാകുന്നു. പിന്നീട് നമ്മുടെ പാർട്ട് പുതിയ ലോകത്തിലായിരിക്കും ഉണ്ടാകുക. ബാബയുടെ പാർട്ട് ശാന്തി ധാമത്തിലും. പാർട്ടിന്റെ റീൽ കറങ്ങിക്കൊണ്ടിരിക്കുന്നു. നമ്മുടെ പ്രാപ്തിയുടെ പാർട്ടുമുണ്ട്, ബാബയുടെ ശാന്തിധാമത്തിലെ പാർട്ടുമുണ്ട്. എടുക്കുന്നതിന്റെയും കൊടുക്കുന്നതിന്റെയും പാർട്ട് പൂർത്തിയായാൽ മാത്രമേ ഡ്രാമ പൂർത്തിയാകൂ. പിന്നീട് നമ്മൾ തന്നെ രാജ്യം ഭരിക്കാനായി തിരികെ വരുന്നു. ജ്ഞാന ത്തിന്റെ പാർട്ട് അവസാനിക്കുന്നു, ആ പാർട്ട് തന്നെ പരിവർത്തനപ്പെടുന്നു. എന്തായിത്തീരാനാണോ ഇത്രയും നാൾ പഠിച്ചത് നമ്മൾ അതായിത്തീരുന്നു. പാർട്ട് തന്നെ പൂർത്തിയായി എങ്കിൽ പിന്നെ വ്യത്യാസമുണ്ടാകി ല്ല. കുട്ടികളോടൊപ്പം ബാബയ്ക്കും പാർട്ട് ഉണ്ടാകില്ല. കുട്ടികളും പൂർണ്ണമായും ജ്ഞാനമെടുക്കുന്നു. ബാബ യിൽ പിന്നീട് നൽകാനൊന്നും തന്നെയുണ്ടാകില്ല. നൽകുന്നയാളിന്റെ പക്കൽ ഒന്നുമുണ്ടാകുകയുമില്ല, സ്വീക രിക്കുന്നവരിൽ കുറവുമുണ്ടായിരിക്കില്ല, അപ്പോൾ രണ്ടു കൂട്ടരും ഒരേ പോലെയാകുന്നു. ഇതിനെക്കുറിച്ച് വിചാരസാഗരമഥനം ചെയ്യാനുള്ള ബുദ്ധി ആവശ്യമാണ്. ഓർമ്മയുടെ യാത്രയിലാണ് പ്രത്യേക പുരുഷാർത്ഥം ആവശ്യമായുള്ളത്. ബാബയാണ് ഈ കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കിത്തരുന്നത്. കേൾപ്പിക്കുമ്പോൾ വലിയ കാര്യമായിത്തോന്നുന്നു, എന്നാൽ ബുദ്ധിയിൽ ഇത് സൂക്ഷ്മമാണ്. ശിവബാബയുടെ രൂപത്തെക്കുറിച്ച് ഉള ളിൽ അറിയാമല്ലോ. മനസ്സിലാക്കി കൊടുക്കുമ്പോൾ വലിയ രൂപമാകുന്നു. ഭക്തിമാർഗ്ഗത്തിൽ വലിയ ലിംഗത്തെ ഉണ്ടാക്കുന്നു. എന്നാൽ ആത്മാവിന്റെ രൂപം ചെറുതല്ലേ. ഇതാണ് പ്രകൃതി. ഏതുവരെ അന്ത്യം കണ്ടെത്തി ക്കൊണ്ടിരിക്കും? അവസാനം അനന്തമാണെന്നും പറയുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, ആത്മാവി ലാണ് മുഴുവൻ പാർട്ടും അടങ്ങിയിരിക്കുന്നത്. ഇതിന് അന്ത്യമില്ല. രചയിതാവിനെക്കുറിച്ചും രചനയെക്കു റിച്ചുമുള്ള ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് നിങ്ങൾക്കറിയാം.

ബാബ ജ്ഞാന സാഗരനാണ്. എന്നാലും നിങ്ങൾ സമ്പൂർണ്ണമായിക്കഴിഞ്ഞാൽ പിന്നെ നേടാനായി ഒന്നും തന്നെയുണ്ടാകില്ല. ബാബ ബ്രഹ്മാവിൽ പ്രവേശിച്ച് പഠിപ്പിക്കുന്നു. ബാബ ബിന്ദുസ്വരൂപനാണ്. ആത്മാവ് അഥവാ പരമാത്മാവിന്റെ സാക്ഷാത്കാരമുണ്ടാകുന്നതിലൂടെ പ്രാപ്തിയുണ്ടാകുന്നില്ല. പ്രയത്നിച്ച് ബാബയെ

ഓർമ്മിക്കുന്നതിലൂടെ മാത്രമേ വികർമ്മം നശിക്കൂ. ബാബ പറയുന്നു, എന്നിൽ നിന്നും ജ്ഞാനം വരുന്നത് ഇല്ലാതാകുകയാണെങ്കിൽ നിങ്ങളിലും ജ്ഞാനമുണ്ടാകില്ല. ജ്ഞാനം നേടി നിങ്ങൾ ഉയർന്നവരായിത്തീരുന്നു. സർവ്വതും നിങ്ങൾ നേടുന്നു, എന്നാലും, ബാബ അച്ഛൻ തന്നെയല്ലേ. നിങ്ങളും ആത്മാക്കളായിത്തന്നെയിരിക്കുന്നു. അച്ഛനാകുന്നില്ലല്ലോ. ഇത് ജ്ഞാനമാണ്. അച്ഛൻ അച്ഛനാണ്, കുട്ടി കുട്ടിയുമാണ്. ഇതെല്ലാം തന്നെ വിചാര സാഗരമഥനം ചെയ്ത് ആഴത്തിലേക്ക് പോകേണ്ടതായ കാര്യങ്ങളാണ്. സർവ്വർക്കും തിരികെ പോകണമെന്ന് എല്ലാവർക്കുമറിയാമല്ലോ. എല്ലാവരും പോകേണ്ടവർ തന്നെയാണ്. ബാക്കി ആത്മാക്കൾ മാത്രം പരംധാമത്തിൽ പോയി വസിക്കുന്നു. മുഴുവൻ ലോകവും നശിക്കാൻ പോകുകയാണ്, ഇതിൽ നിർഭയതയോടെ ഇരിക്കണം. നിർഭയതയോടെയിരിക്കുവാനുള്ള പുരുഷാർത്ഥം ചെയ്യണം. ശരീരത്തിന്റെ ഭാരമൊന്നും തന്നെ പാടില്ല അങ്ങനെയൊരു അവസ്ഥയിലേക്ക് പോകണം. ബാബ നിങ്ങൾ കുട്ടികളെ തനിക്കു സമാനമാക്കി മാറ്റുന്നു, നിങ്ങളും മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റണം. ഒരേയൊരു ബാബയുടെ മാത്രം ഓർമ്മയിലിരിക്കുവാനുള്ള പുരുഷാർത്ഥം ചെയ്യണം. ഇപ്പോൾ സമയമുണ്ട്, ഈ റിഹേഴ്സൽ തീവ്രമാക്കണം. അഭ്യാസമില്ലെങ്കിൽ നിന്നു പോകും. കാലുകൾ വിറയ്ക്കുവാൻ തുടങ്ങും, പെട്ടെന്നു തന്നെ ഹൃദയാഘാതവും സംഭവിക്കുന്നു. തമോപ്രധാന ശരീരത്തിന് ഹൃദയാഘാതം സംഭവിക്കുവാൻ ഒട്ടും താമസിക്കില്ല. എത്രത്തോളം അശരീരി സ്ഥിതിയിലിരിക്കുന്നുവോ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നുവോ സമീപത്തേക്ക് വന്നുകൊണ്ടിരിക്കുന്നു. യോഗത്തിലിരിക്കുന്നവർക്കു മാത്രമാണ് നിർഭയതയോടെയിരിക്കുവാൻ സാധിക്കൂ. യോഗത്തിലൂടെയാണ് ശക്തി ലഭിക്കുന്നത്. ജ്ഞാനത്തിലൂടെ ധനം ലഭിക്കുന്നു. കുട്ടികൾക്ക് ശക്തിയാണ് വേണ്ടത്. അപ്പോൾ ശക്തി നേടുന്നതിനായി ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ബാബ അവിനാശി സർജ്ജനാണ്. ബാബ ഒരിക്കലും രോഗിയാകുകയില്ല. ഇപ്പോൾ ബാബ പറയുന്നു, നിങ്ങൾ തന്റെ അവിനാശി മരുന്ന് കഴിച്ചു കൊണ്ടിരിക്കൂ. ബാബ നൽകുന്ന സഞ്ജീവനി മരുന്നിലൂടെ ഒരിക്കലും നമ്മൾക്ക് അസുഖം പിടിപെടുകയില്ല. കേവലം പതിത പാവനനായ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ പാവനമായിത്തീരുന്നു. ദേവതകൾ സദാ നിരോഗിയും പാവനവുമാണല്ലോ. കുട്ടികൾക്ക് ഈയൊരു നിശ്ചയമുണ്ട് നമ്മൾ കല്പ-കല്പം സമ്പത്ത് നേടുന്നു. ഇപ്പോൾ വരുന്നതുപോലെ അളവറ്റ തവണ ബാബ വന്നിട്ടുണ്ട്. ബാബ പഠിപ്പിക്കുന്നതിനെയാണ് രാജയോഗമെന്നു പറയുന്നത്. മറ്റുള്ള ഗീത ഭക്തിമാർഗ്ഗത്തിലേതാണ്. ജ്ഞാന മാർഗ്ഗത്തെക്കുറിച്ച് ബാബയാണ് മനസ്സിലാക്കി തരുന്നത്. ബാബ തന്നെയാണ് വന്ന് താഴെ നിന്നും മുകളിലേക്ക് ഉയർത്തുന്നത്. ആരാണോ പക്കാ നിശ്ചയബുദ്ധികൾ അവരാണ് മാലയിലെ മുത്തായി തീരുക. കുട്ടികൾ മനസ്സിലാക്കുന്നു, ഭക്തി ചെയ്ത്-ചെയ്ത് നമ്മൾ അധ:പതിച്ചു. ഇപ്പോൾ ബാബ വന്ന് സത്യമായ സമ്പാദ്യം ചെയ്യിക്കുന്നു. പാരലൗകിക അച്ഛൻ ചെയ്യിക്കുന്ന പോലെയുള്ള സമ്പാദ്യമൊന്നും ലൗകിക പിതാവ് ചെയ്യിക്കില്ല. ശരി. കുട്ടികൾക്ക് ഗുഡ്നൈറ്റ്, നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായസാരം -**

1. സേവാധാരിയാകുന്നതിനു വേണ്ടി വികാരങ്ങളുടെ അംശത്തെപ്പോലും സമാപ്തമാക്കണം. സേവനത്തെ പ്രതി കുതിച്ചുചാടണം.

2. നമ്മൾ ഈശ്വരീയ സന്താനങ്ങളാണ്, ശ്രീമത്തനുസരിച്ച് ഭാരതത്തെ വിഷ്ണുപുരിയാക്കി മാറ്റിക്കൊണ്ടിരിക്കുന്നു, അവിടെ എല്ലാവരും പക്കാ വൈഷ്ണവരാണ്...... ഈ ലഹരിയിലിരിക്കണം.

## വരദാനം:- ദു:ഖത്തിന്റെ ചക്രത്തിൽ നിന്ന് സദാ മുക്തമാകുകയും മറ്റുള്ളവരെ മുക്തമാക്കുകയും ചെയ്യുന്ന സ്വദർശന ചക്രധാരിയായി ഭവിക്കട്ടെ.

കർമ്മേന്ദ്രിയത്തിന് വശപ്പെട്ട് ചില കുട്ടികൾ പറയുന്നു- ഇന്ന് കണ്ണുകൾ, മുഖം അല്ലെങ്കിൽ ദൃഷ്ടി ചതിച്ചുവെന്ന്. അപ്പോൾ ചതിക്കപ്പെടുക അർത്ഥം ദു:ഖത്തിന്റെ അനുഭവം ഉണ്ടാകുക. ലോകത്തുള്ളവർ പറയുന്നു-ആഗ്രഹമില്ലായിരുന്നു പക്ഷെ ചക്രത്തിൽ വന്നുപോയി. എന്നാൽ ആരാണോ സ്വദർശന ചക്രധാരി കുട്ടികൾ അവർ ഒരിക്കലും യാതൊരു ചതിവിന്റെ ചക്രത്തിലും പെടുക സാധ്യമല്ല. അവർ ദു:ഖത്തിന്റെ ചക്രങ്ങളിൽ നിന്ന് മുക്തരായിരിക്കുകയും മറ്റുള്ളവരെ മുക്തമാക്കുകയും ചെയ്യുന്ന അധികാരിയായി സർവ്വ കർമ്മേന്ദ്രിയങ്ങളാലും കർമ്മം ചെയ്യിക്കുന്നവരായിരിക്കും.

## സ്ലോഗൻ:- അകാല സിംഹാസനധാരിയായി തന്റെ ശ്രേഷ്ഠ പ്രൗഢിയിലിരിക്കൂ എങ്കിൽ പരവശപ്പെടുകയില്ല.